**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **10-08-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര ജീവനം സാധ്യമാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ എണ്ണം അറിയുന്നതിന് എന്തെങ്കിലും സാങ്കേതിക സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നമുക്ക് നഷ്ടപ്പെടുകയും ധാരാളം പേർക്ക് ജീവിത സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്തു. ഇതിന്റെ പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യ തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ NIC യുമായി ചേർന്ന് 'സാഗര' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിയ്ക്കുകയും ചെയ്തു. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും, ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ പഠിപ്പിക്കുന്നതിനും, കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധന ശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴി ലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാന്റിംഗ് സെന്ററുകളിൽ/ ഫിഷിംഗ് ഹാർബറു കളിൽ 50 "സാഗര ഫെസിലിറ്റേറ്റർമാർക്ക്" പരിശീലനം നൽകി താത്കാലികമായി നിയോഗിയ്ക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേയ്ക്കാണ് നിയോഗിച്ചത്. അതിനു ശേഷം ഇവരുടെ പ്രവർത്തന കാലാവധി ഒരു |

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധന ശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴി ലാളികളുടെ വിവരങ്ങൾ അറിയാനും, കടലിൽ തീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കുവാനും ഈ മൊബൈൽ ആപ്പിക്കേഷൻകൊണ്ട് സാധിയ്ക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും ' സാഗര ' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട് . എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര മൊബൈൽ' ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പദ്ധതിയിൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടില്ല.<br><br>സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിലേക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകളിൽ പഞ്ചിംഗ് ബൂത്ത് സംവിധാനം ഒരുക്കുന്നതിനും അതാതു ഫിഷിംഗ് ഹാർബറുകളിൽ നിന്നും കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളി കളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനായി പരീക്ഷണാടി സ്ഥാനത്തിലുള്ള പഠനങ്ങൾ നടത്തി വരുന്നു.<br><br>മത്സ്യബന്ധനത്തിനായി പോകുന്ന, ഫിഷറീസ് വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങളുടെ എണ്ണം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ 'റിയൽക്രാഫ്റ്റ് ('https:/fishcraft.nic.in') എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസെൻസും അനുവദിക്കുന്നതും യാനങ്ങളുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമാക്കുന്നതും 'റിയൽക്രാഫ്റ്റ് മുഖേനയാണ്.<br><br>നിലവിൽ 'റിയൽക്രാഫ്റ്റ് പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങളുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം- 1-ൽ ചേർക്കുന്നു. |
| (ബി) | കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള അടിയന്തര | (ബി) | നിലവിലുണ്ട്. സംസ്ഥാനത്ത് കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളി കളുടെ കുടുംബങ്ങളെ സഹായിക്ക |

| | | | |
|---|---|---|---|
| | സഹായത്തിന് പുറമെ സുസ്ഥിരമായ ജീവനം സാധ്യമാകുന്ന പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതികളെ കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ; | | ന്നതിനുള്ള അടിയന്തര സഹായത്തിന് പുറമെ സുസ്ഥിരമായ ജീവനം സാധ്യമാകുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -2- ൽ ഉൾപ്പെടുത്തി യിരിക്കുന്നു. |
| (സി) | കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതായി സ്ഥിരീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് എത്ര വർഷം കഴിയണമെന്ന് വ്യക്തമാക്കാമോ; | (സി) | Indian Evidence Act 1872, Section 108 പ്രകാരം 7 വർഷം കഴിഞ്ഞാണ് കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതായി കണക്കാക്കുന്നത്. |
| (ഡി) | മരണം സ്ഥിരീകരിക്കുന്നതിനുള്ള കാലാവധി കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ജില്ല | ആഴക്കടൽ മത്സ്യബന്ധന യാനം | മോട്ടറൈസ്ഡ് നോൺ മെക്കാനിക്കൽ യാനം | യന്ത്രവത്കൃത മത്സ്യബന്ധന യാനം | പരമ്പരാഗത മത്സ്യബന്ധന യാനം | ആകെ |
|---|---|---|---|---|---|
| തിരുവനന്തപുരം | 1 | 10844 | 26 | 1351 | 12222 |
| കൊല്ലം | 2 | 2645 | 1942 | 280 | 4869 |
| ആലപ്പുഴ | | 4615 | 235 | 321 | 5171 |
| എറണാകുളം | | 908 | 1766 | 359 | 3033 |
| തൃശ്ശൂർ | | 1539 | 196 | 143 | 1878 |
| മലപ്പുറം | 2 | 4678 | 514 | 155 | 5349 |
| കോഴിക്കോട് | | 4811 | 1309 | 287 | 6407 |
| കണ്ണൂർ | | 2032 | 420 | 267 | 2719 |
| കാസർഗോഡ് | | 2063 | 238 | 164 | 2465 |
| **ആകെ** | **5** | **34135** | **6646** | **3327** | **44113** |

## അനുബന്ധം II

**സംസ്ഥാനത്ത് കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള അടിയന്തര സഹായത്തിന് പുറമെ സുസ്ഥിരമായ ജീവനം സാധ്യമാകുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുക്കുന്ന പദ്ധതി പ്രകാരം ബിരുദതലം വരെ പരമാവധി 1 ലക്ഷം രൂപ ധനസഹായം നൽകുന്നു. 2018-19 -ൽ 11 പേർക്കും 2019-20 ൽ 13 പേർക്കും 2020-21 ൽ 14 പേർക്കും 2021-22 ൽ 13 പേർക്കും 2022-23 ൽ 11 പേർക്കും പഠനാവശ്യങ്ങൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്.

ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19 ൽ 53.75 ലക്ഷം രൂപയും 2019-20 ൽ 55.1 ലക്ഷം രൂപയും 2020-21 ൽ 45 ലക്ഷം രൂപയും 2021-22 ൽ 40.6 ലക്ഷം രൂപയും 2022-23 ൽ 34.18 ലക്ഷം രൂപയും 2023-24 ൽ 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. കൂടാതെ ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ/ കാണാതായവരുടെ ആശ്രിതരിൽ 40 വയസ്സിന് താഴെ പ്രായമുള്ളതും എസ്.എസ്.എൽ.സി യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ 41 പേർക്ക് മത്സ്യഫെഡിന്റെ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും തിരുവനന്തപുരം ജില്ലയിൽ പരിഗണിച്ച 41 പേരിൽ രണ്ട് പേർ തമിഴ്നാട് സർക്കാരിന്റെ ആനുകൂല്യം കൈപ്പറ്റിയവരായതിനാൽ അവരെ ഒഴിവാക്കി തിരുവനന്തപുരം ജില്ലയിൽ 39 പേരെയാണ് മുട്ടത്തറ നെറ്റ് ഫാക്ടറിയിൽ ജോലിക്കായി പരിഗണിച്ചത്.

ബാക്കിയുള്ള ആശ്രിതരിൽ എസ്.എസ്.എൽ.സി യും അധിക യോഗ്യതയും ഉള്ള 13 പേരുടെ ലിസ്റ്റിൽ ഒരാൾ വിസമ്മത പത്രം നൽകിയതിനെ തുടർന്ന് ബാക്കി 12 പേരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പിൽ ജോലിക്ക് പരിഗണിക്കുന്നതിനായി സർക്കാരിൽ ലഭിക്കുകയും നഴ്സിംഗ് വിദ്യാഭ്യാസ യോഗ്യതയുള്ള രണ്ട് പേർക്ക് ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ 14/11/2022 തീയതിയിലെ സ.ഉ (കൈ) നം. 221/2022/H&FWD പ്രകാരം നിയമനം നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തു. ബാക്കിയുള്ള ആശ്രിതരുടെ ലിസ്റ്റ് ജോലിക്ക് പരിഗണിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്തൊട്ടാകെ ഓഖി ദുരന്തത്തിൽ 72 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ പൂർണ്ണമായും 458 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ ഭാഗികമായും തകർന്നിട്ടുണ്ട്. 72

പേർക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ 72 പേരിൽ മാറി താമസിക്കാൻ തയ്യാറായ 22 പേർ ഭൂമി കണ്ടെത്തി ഭവന നിർമ്മാണം പൂർത്തീകരിച്ചു.

തിരുവനന്തപുരം ജില്ലയിൽ 18 പേർക്ക് മുട്ടത്തറ, ബീമാപ്പള്ളി എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിച്ച് ഫ്ലാറ്റ് അനുവദിച്ചിട്ടുണ്ട്. ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളിഭവനങ്ങൾ മെയിന്റനൻസ് നടത്തി പുനരധിവസിക്കുന്നതിനും 20.415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി. ഇതിൽ 194.4 ലക്ഷം രൂപ ചെലവഴിച്ചു.

ഇതിനു പുറമെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥലവും വീടുമില്ലാത്ത 32 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനും, ഭവന രഹിതരായ 6 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി 3.44 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഇതിൽ ഭൂരഹിത ഭവന രഹിതരായ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനം നിർമ്മിക്കുന്ന നടപടി പുരോഗമിക്കുന്നു. ഭവന രഹിതരായ 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2,12,71,620/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നാശം സംഭവിച്ച 485 മത്സ്യ തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്കു 7.37 കോടി രൂപ നഷ്ടപരിഹാരം അവർക്കു തൊഴിൽ പുനഃസ്ഥാപനത്തിനായി അനുവദിച്ചു നൽകിയിരുന്നു

ഓഖി ബാധിതരായ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കു പകരമായി 120 ഗ്രൂപ്പുകൾക്ക് ബോട്ടുകൾ നൽകുന്നതിന് FRP ബോട്ട് നൽകുന്ന പദ്ധതിയിൽ 1.94 കോടി രൂപ കേന്ദ്ര സഹായവും 7.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരാതാശ്വാസ നിധി (CMDRF) ഫണ്ടും ഉൾപ്പെടെ 9.88 കോടി രൂപ അനുവദിക്കുകയും 114 ബോട്ടുകൾ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു .

ഓഖി ദുരന്തത്തിൽ മരണപ്പെട്ട /കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഴിഞ്ഞത്തു ഫിഷ് പ്രോസസ്സിംഗ് യൂണിറ്റ് ആഴാകുളത്തു സീ ഫുഡ് റസ്റ്ററന്റ് എന്നിവ നാല് കോടി രൂപ ചെലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്.

തൊഴിൽ തീരം പദ്ധതി - മത്സ്യബന്ധന സമൂഹത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി കേരള നോളജ് എക്കണോമി മിഷനുമായി ചേർന്ന് 18 നും 45 നും ഇടയിൽ പ്രായമുള്ള പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയോ അതിനു മുകളിലോ യോഗ്യതയുള്ളവരുമായ

ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കായി ഓൺലൈൻ/ ഓഫ്‌ലൈൻ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**I. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.**

1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി
2. മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി
4. വിധവ പെൻഷൻ
5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി

**II. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1. എൻ.സി.ഡി.സി ധനസഹായത്തോട്ട കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)
2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടുകൂടിയുള്ള പദ്ധതികൾ
    a) ടേം വായ്പകൾ
    b) മൈക്രോഫിനാൻസ് വായ്പ
    c) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി
3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)
4. വലകൾക്കുള്ള സബ്സിഡി പദ്ധതി
5. നാടൻ വള്ളങ്ങളുടെ നവീകരണം
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജനാ പദ്ധതിയിൽ (PMMSY) – ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ, വല, എഞ്ചിൻ എന്നിവയുടെ വിതരണം
8. പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജനാ പദ്ധതിയിൽ (PMMSY) – ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളുടെ വിതരണം.
9. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി
10. മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

### III. <u>സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)
    a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)
    b) പലിശ രഹിത ചാക്രീകമൂലധന സഹായം (Interest Free Working Capital Revolving Fund)
    c) സാങ്കേതിക വിദ്യാ നവീകരണ പദ്ധതി (Technology Improvement Scheme)
    d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ (Graduating Activity Groups to Business Groups)
2. JLG Project for Ensuring Livelihood Security of Fisher women in Kerala